
ബൈബിൾ ചിത്രകഥ

# സാംസൺ

MAR LOUIS PUBLICATIONS



# ബൈബിൾ ചിത്രകഥ-7

# സാംസൺ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി ബെന്നി

# സാംസൺ

ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻ ദേശത്തു വാസമുറപ്പിച്ച ഇസ്രയേൽക്കാരെ ഏകദേശം രണ്ടുനൂറ്റാണ്ട് കാലത്തേക്ക് (B.C. 1200-1025) നയിച്ച നേതാക്കന്മാർ "ന്യായാധിപന്മാർ" എന്നറിയപ്പെടുന്നു. ഏതെങ്കിലും തർക്കങ്ങളിൽ വിധി പ്രസ്താവിക്കുന്നവരല്ല, ഇസ്രയേൽ ജനത്തെ ശത്രുക്കളിൽ നിന്ന് മോചിപ്പിക്കാനായി ദൈവം അയച്ച രക്ഷകരായിരുന്നു ഇവർ. ഇപ്രകാരം ഒരു ന്യായാധിപനാണ് സാംസൺ.

ഷെക്കെമിൽ വച്ച് ഇസ്രയേൽജനം ഒരുമിച്ച് ഉടമ്പടി പുതുക്കിയെങ്കിലും കാലക്രമത്തിൽ അവർ ആ ഉടമ്പടിയുടെ നിബന്ധനകൾ മറന്നു കാനാൻ കാരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും പങ്കുചേർന്നു. കാനാൻദേശത്തിൻറെ പല ഭാഗത്തായി ചിതറി പാർത്തിരുന്ന ഇസ്രായേൽക്കാർക്കു സ്ഥിരമായ ഒരു നേതൃത്വസംവിധാനം ഉണ്ടായിരുന്നില്ല. ചുറ്റുപാടുമുള്ള ജനതകളുമായി പ്രായേണ മൈത്രിയിൽ കഴിയാൻ ശ്രമിച്ചെങ്കിലും പലപ്പോഴും അവർക്ക് ശത്രുക്കളുടെ ആക്രമണങ്ങളെ നേരിടേണ്ടി വന്നു.

ഫിലിസ്ത്യരായിരുന്നു ഈ ശത്രുക്കളിൽ പ്രമുഖർ. കർത്താവിനെ മറന്നതിന്റെ ശിക്ഷയും കർത്താവിങ്കലേക്കു തിരിയുവാൻ ഉള്ള പ്രേരണയും ആയിട്ടാണ് ബൈബിൾ ഈ ആക്രമണങ്ങളെ കാണുന്നത്.


ഞെരുക്കങ്ങൾ വർദ്ധിക്കുമ്പോൾ ഇസ്രയേൽജനം തങ്ങളുടെ ദൈവമായ കർത്താവിനെ വിളിച്ച് അപേക്ഷിക്കും. അപ്പോൾ അവർക്ക് മോചകനായി കർത്താവ് ഒരു ന്യായാധിപനെ അയയ്ക്കും. ഇങ്ങനെ പന്ത്രണ്ടുപേരെക്കുറിച്ച് 'ന്യായാധിപന്മാരുടെ പുസ്തകം' പ്രതിപാദിക്കുന്നുണ്ട്. കുറെ ചരിത്ര സംഭവങ്ങളും അതിലേറെ ഐതിഹ്യങ്ങളും കൂടിക്കലർന്നതാണ് ഈ പുസ്തകത്തിലെ വിവരണങ്ങൾ. 13-16 അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളെ ആസ്പദമാക്കിയാണ് ഈ ചിത്രകഥ രചിച്ചിരിക്കുന്നത്

കരുത്തനായ ഒരു മനുഷ്യന്റെ പതനത്തെ ചിത്രീകരിക്കുന്ന ഒരു ദുരന്ത കഥയാണ് "സാംസൺ". വന്ധ്യയായിരുന്ന ഒരു സ്ത്രീയ്ക്ക് ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ ജനിച്ച പുത്രനാണ് അയാൾ. ഇസ്രായേൽ ജനത്തെ രക്ഷിക്കുകയായിരുന്നു അയാളുടെ ജീവിത ദൗത്യം. അതിനായി അയാൾ തന്നെത്തന്നെ വിശുദ്ധനായി കാത്തുസൂക്ഷിക്കേണ്ടിയിരുന്നു.


ഒരു ഫിലിസ്ത്യ യുവതിയെ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നതോടെ സാംസന്റെ ജീവിതം സംഭവബഹുലമാകുന്നു. ഫിലിസ്ത്യരിൽനിന്ന് ഇസ്രയേൽക്കാരെ രക്ഷിക്കാൻവേണ്ടി ദൈവത്തിൻറെ ആത്മാവാണ് അയാളെ പ്രചോദിപ്പിച്ചത്. എന്നാൽ ആ വിവാഹം പരാജയപ്പെട്ടതോടെ സാംസന്റെ ജീവിതം അധഃപതനത്തിലേക്കു വഴുതി വീഴുകയായി.


വ്രതം ചെയ്തവനാണ് താൻ എന്ന ബോധ്യം സാംസനിൽ നിലനിൽക്കുന്നുണ്ടെങ്കിലും സുഖഭോഗാസക്തിയും അഹങ്കാരവും അയാളുടെ വീഴ്ചയ്ക്ക് കാരണമായി. നിഷിദ്ധമായ പ്രേമബന്ധങ്ങളിലേർപ്പെടുകവഴി അയാൾക്ക് തന്റെ ശക്തിയും കാഴ്ചയും സ്വാതന്ത്ര്യവും അവസാനം ജീവനും നഷ്ടപ്പെട്ടു. ദൈവം നൽകിയ ശക്തി സ്വന്തം ശക്തിയാണെന്നു കരുതി തന്നിഷ്ടം പ്രവർത്തിച്ചു തകർന്ന ഒരു മനുഷ്യനാണ് സാംസൺ. മാതാപിതാക്കന്മാരുടെ ഉപദേശം അവഗണിച്ച അയാളെ അഹങ്കാരവും ഭോഗാസക്തിയും സാവധാനം അന്ധനാക്കി. എല്ലാം നഷ്ടപ്പെട്ടപ്പോഴാണ് സാംസൺ വീണ്ടും ദൈവത്തിങ്കലേക്ക് തിരിഞ്ഞത്. ദൈവമാണ് തന്നിൽ പ്രവർത്തിക്കുന്നതെന്ന് അപ്പോൾ അയാൾ മനസ്സിലാക്കി.

കർത്താവിൻറെ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർ എന്തായിരിക്കരുത് എന്ന് സാംസന്റെ അനുഭവം പഠിപ്പിക്കുന്നു. ദൈവത്തെ മറന്നാൽ ഏത് കരുത്തനും തകർന്നുപോകും. നിസ്സാര കാര്യങ്ങളിൽ ശ്രദ്ധിക്കാത്തവർ വലിയ വിപത്തുകളിൽ നിപതിക്കും. കണ്ണു നഷ്ടപ്പെട്ട് തടവറയിൽ കിടക്കുന്ന സാംസൺ അഹങ്കാരത്തിനു ലഭിക്കുന്ന ശിക്ഷയുടെ പ്രതീകമാണ്.


ആ ഇരിക്കുന്ന മനുഷ്യനെ കണ്ടോ? ഇവിടെയെങ്ങും ഉള്ള ആളാണെന്ന് തോന്നുന്നില്ലല്ലോ.
അതല്ലേ ഇസ്രയേൽക്കാരുടെ പുതിയ നേതാവ്. മനോവായുടെ മകൻ സാംസൺ
സാംസൺ!


ഇത്രയും കരുത്തനായ മനുഷ്യൻ ഈ നാട്ടിലെങ്ങുമില്ല. അയാൾ ഒറ്റയ്ക്കാണ് കഴിഞ്ഞ ദിവസം ഗാസ്സായിലെ നമ്മുടെ സൈന്യത്തെ തോൽപ്പിച്ചത്
!
കരുത്തനെന്ന പോലെ സുന്ദരനും ആണല്ലോ



എടി പെണ്ണേ, വെറുതെ കണ്ണു വയ്ക്കേണ്ട. അയാൾ നമ്മുടെ ജനത്തിന്റെ ശത്രുവാണ്.
നിൻറെ ഒരു ജനം, അയാളെന്താ ഒരു മനുഷ്യനല്ലേ?
!?


?
അയ്യോ രക്ഷിക്കണേ
ഘർർർ



ഘ്ർർർ
??






അങ്ങു ഞങ്ങളുടെ
ജീവൻ രക്ഷിച്ചു.
നിങ്ങൾ ആരാണ്?
എന്തിനീ കാട്ടിൽ
വന്നു?
!



എൻറെ വീട് ഇവിടെയടുത്തു
തിമ്നായിലാണ്. കദീത്താ
എന്നാണു പേര്. ഇത് എൻറെ
കൂട്ടുകാരി ദലീല.
വിളവെടുപ്പുത്സവത്തിൽ
സംബന്ധിക്കാൻ വന്നതാ.
ഗാസായിലാണ്
എൻറെ വീട്.
!!
ഉത്സവം ഒക്കെ കൊള്ളാം
ഈ കാട്ടിൽ ഇനി
തനിച്ചു വരരുത്.



സാംസൺ എന്നും രക്ഷിക്കാൻ കണ്ടെന്നു വരില്ല അല്ലേ?
!
എന്നും നിന്നെ രക്ഷിക്കണമെന്നുണ്ട്.


ഇന്നുരാത്രി തിമ്നായിൽ ഉത്സവമാണ്. അങ്ങു വരണം.
ഞാൻ പിന്നീടു വന്നുകൊള്ളാം. വേറൊരുത്സവത്തിന്.
!


ഏതാനും ദിവസങ്ങൾക്കുശേഷം സാംസന്റെ വീട്ടിൽ
നിൻറെ ആഗ്രഹമനുസരിച്ച് ഞാൻ അവളുടെ വീട്ടിൽ പോയി. വീട്ടുകാർക്കു സമ്മതമാണ് പക്ഷേ...
?
എന്തു പക്ഷേ? എനിക്കവളെ വിവാഹം ചെയ്യണം
!?
അവിടുത്തെ ചെറുപ്പക്കാർ ഇസ്രയേൽക്കാരൻ പട്ടി എന്നു വിളിച്ച് ആക്ഷേപിച്ചല്ലേ അപ്പനെ പറഞ്ഞയച്ചത്


നീ നമ്മുടെ ജനത്തിൽ നിന്ന് ഒരു യുവതിയെ വിവാഹം കഴിക്കുക. അതാണ് എനിക്കിഷ്ടം. ആ വിജാതിയ സ്ത്രീയെ മറന്നേക്കൂ.
കദീത്തായെ അല്ലാതെ ഞാൻ വിവാഹം കഴിക്കില്ല. പിന്നെ ചെറുപ്പക്കാരുടെ കാര്യം..
?



നീ വഴക്കിനൊന്നും പോകേണ്ട
ആ ഫിലിസ്ത്യരാണു നമ്മുടെ മേലാളന്മാർ.
ഏതു മേലാളനായാലും എൻറെ അപ്പനെ അപമാനിച്ചവരോടു ഞാൻ പകരം ചോദിക്കും.
!!



കദീത്തായെ വിവാഹം കഴിക്കാൻ
സാംസൺ തിമ്നായിലേക്കു പുറപ്പെട്ടു .
ഇവിടെ വച്ചാണല്ലോ
ഞാൻ അവളെ
കണ്ടുമുട്ടിയത്.
സിംഹത്തിന് എന്തു
സംഭവിച്ചെന്ന് ഒന്നു
നോക്കിക്കളയാം



സിംഹത്തിന്റെ ഉള്ളിൽ തേൻകൂടോ!


ഹായ് നല്ല മധുരം.
ഫിലിസ്ത്യരോടു
പ്രതികാരം ചെയ്യാൻ
ഒരാശയം കിട്ടി.



വിവാഹ വിരുന്ന്
ഹേയ്, മണവാളൻ
നൃത്തം ചെയ്യണം


നൃത്തമല്ല, ഞാനൊരു കടംകഥ പറയാം. ഉത്തരം പറഞ്ഞാൽ മുപ്പതു പട്ടുടുപ്പും മേലങ്കിയും ഞാൻ തരും. പറഞ്ഞില്ലെങ്കിൽ അത്രയും എനിക്കു തരണം.
ശരി കടങ്കഥ കേൾക്കട്ടെ.
!!!



ശ്രദ്ധിച്ചു കേട്ടോളിൻ. ഭോക്താവിൽ നിന്ന് ഭോജനവും മല്ലനിൽ നിന്ന് മാധുര്യവും പുറപ്പെട്ടു. ഏഴു ദിവസത്തിനകം ഉത്തരം തന്നാൽ മതി.


ഏഴാം ദിവസം
കടങ്കഥയ്ക്ക് ഉത്തരം കണ്ടെത്തിയോ? ഇല്ലെങ്കിൽ പട്ടുടുപ്പും മേലങ്കിയും തരൂ.
തേനിനേക്കാൾ മധുരമുള്ളതെന്ത്? സിംഹത്തെക്കാൾ കരുത്തുള്ളത് ആര്?
?



കദീത്താ!
വെറുതെ ചൂടാവാതെ വാക്ക് പാലിക്കു



സാംസൺ പോയിക്കഴിഞ്ഞപ്പോൾ
നിങ്ങളെൻറെ ജീവിതം തുലച്ചു. സാംസൺ എന്നെ വെറുത്തുപേക്ഷിക്കും.
അവൻ ഉപേക്ഷിച്ചാലും ഒരു നഷ്ടവുമില്ല. ഞാൻ നിന്നെ വിവാഹം ചെയ്തു കൊള്ളാം.
എൻറെ ജീവൻ രക്ഷിച്ച അദ്ദേഹത്തെ ഞാൻ പ്രാണനേക്കാൾ ഏറെ സ്നേഹിക്കുന്നു
നമ്മുടെ വർഗ്ഗ ശത്രുവിനെ സ്നേഹിക്കാൻ പാടില്ല. അവനെ നമുക്ക് ആട്ടിപ്പായിക്കണം.



സാംസൺ മുപ്പതു യുവാക്കളെ കൊന്നു. അവരുടെ ഉടുപ്പുകൾ എടുത്തു.
ഇതിൽ രക്തം ഉണ്ട്. നിനക്ക് ഇത് എവിടെ നിന്ന് കിട്ടി?
ഇതാ നിങ്ങളുടെ സമ്മാനം. നട്ടെല്ലില്ലാത്ത വഞ്ചകർ!
സമ്മാനം കിട്ടിയത് പോരേ. എവിടെ നിന്നാണെന്ന് അന്വേഷിക്കാൻ നിങ്ങൾക്ക് എന്ത് കാര്യം?



യുവാക്കൾ പോയിക്കഴിഞ്ഞപ്പോൾ
വഞ്ചകീ, കടങ്കഥയുടെ ഉത്തരം നീ എന്നിൽനിന്നു മനസ്സിലാക്കിയത് ഇതിനായിരുന്നോ?
അങ്ങ് എന്നെ തെറ്റിദ്ധരിച്ചിരിക്കുന്നു. അവർ എന്നെയും കുടുംബത്തെയും കൊന്നുകളയും എന്ന് ഭയപ്പെടുത്തി


സാംസൺ അങ്ങ് എന്നെ ഉപേക്ഷിച്ചു പോകരുത്.
?
നീ നിൻറെ ജനത്തിൻറെകൂടെ പാർക്കുക. ഞാൻ അന്യനാണല്ലോ?



മാസങ്ങൾക്ക് ശേഷം
മകനേ, നിന്റെ ഈ ഇരിപ്പു കണ്ടിട്ട് എന്റെ ചങ്കുതകരുന്നു
നീ പോയി അവളെ കൂട്ടിക്കൊണ്ടുവരൂ
!
അവൾ ജീവൻ രക്ഷിക്കാൻ വേണ്ടി പറഞ്ഞതല്ലേ. അതിന് നീ ഇത്ര വിഷാദിക്കണോ?


അല്ല, അതാരാ ആ വരുന്നത്?


സാംസൺ, കദീത്തായെ അവർ വിവാഹം ചെയ്തു കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു
എന്ത്!


നാളെയാണു വിവാഹം. ആഘോഷം തുടങ്ങി കഴിഞ്ഞു.
അത്രയ്ക്കായോ?


എൻ്റെ ഭാര്യ എവിടെ?
!!!!
സാംസൺ!



നീ എന്റെ മകളെ വെറുക്കുന്നു എന്ന് കരുതി അവളെ നിൻറെ കൂട്ടുകാരനു നൽകി. അവളുടെ അനുജത്തിയെ നിനക്കു തരാം.
എനിക്കു വേണ്ടത് എന്റെ ഭാര്യ കദീത്തായെ ആണ്.


അതിനി സാധ്യമല്ല.
എങ്കിൽ നിങ്ങൾ ദുഖിക്കേണ്ടി വരും
?



സാംസൺ മുന്നൂറു കുറുക്ക
ന്മാരെ പിടിച്ചു വാലിൽ പന്തം
കൊളുത്തി ഫിലിസ്ത്യരുടെ
വയലുകളിലേക്കയച്ചു.




വയൽ മുഴുവൻ കത്തി നശിച്ചു. ആരാണ് ഈ അക്രമം ചെയ്തത്?
ആ സാംസൺ തിമ്നാകാരനായ അമ്മായിയപ്പനോട് പക പോക്കിയതാണ്.
???
വരിൻ തിൻമായിലേക്ക് %^&*(%$#


സാംസൺ, ഫിലിസ്ത്യർ കദീത്തായുടെ വീട് വളഞ്ഞിരിക്കുന്നു
എന്ത്?


അയ്യോ രക്ഷിക്കണേ...
കദീത്താ


ഔ..
അ
യ്യോ
!!
ക
ർറാ
ക്ക്



സാംസൺ തിമ്നാക്കാരെ വധിച്ചതറിഞ്ഞു ഫിലിസ്ത്യർ ഒരുമിച്ചു കൂടി
ആ സാംസനെ ഇങ്ങനെ വിട്ടാൽ അവൻ നമ്മളെയെല്ലാം നശിപ്പിക്കും
അവനെ ഇത്തവണ വകവരുത്തണം
പക്ഷേ അവൻ എവിടെയാണെന്ന് ആർക്കും അറിയില്ല
എങ്കിൽ ഇസ്രയേൽക്കാരെ ആക്രമിക്കുക


ഫിലിസ്ത്യർ ഇസ്രയേൽക്കാർ
വസിക്കുന്ന ലേഹിപ്പട്ടണം വളഞ്ഞു
സാംസൺ എവിടെ?
അവനെ പിടിച്ചു കെട്ടി ഞങ്ങളെ ഏൽപ്പിച്ചില്ലെങ്കിൽ ഈ പട്ടണം ഞങ്ങൾ ചുട്ടുകരിക്കും....
മൂന്ന് ദിവസത്തെ അവധി തരണം. ഞങ്ങൾ അവനെ അന്വേഷിച്ച് കണ്ടുപിടിക്കാം
ശരി
!!


സാംസൺ ഏത്താംപാറയിടുക്കിലെ ഗുഹയിൽ ഒളിച്ചിരിക്കുന്നു എന്നറിഞ്ഞ്
ഇസ്രയേൽക്കാർ അങ്ങോട്ട് ചെന്നു




ഇറങ്ങിവന്നു നിന്റെ ജനത്തെ രക്ഷിക്കൂ...



നിങ്ങൾക്ക് എന്തു വേണം?



നീ ഞങ്ങളുടെ കൂടെ വരണം. അല്ലെങ്കിൽ ഫിലിസ്ത്യർ ഞങ്ങളെ നശിപ്പിക്കും
എവിടെ ഫിലിസ്ത്യർ?


അവർ നമ്മുടെ പട്ടണം വളഞ്ഞിരിക്കുന്നു. നിന്നെ ഏൽപ്പിച്ചു കൊടുത്തില്ലെങ്കിൽ അവർ നമ്മുടെ സ്ത്രീകളെയും കുഞ്ഞുങ്ങളെയും കൊല്ലും. പട്ടണം ചുട്ടുകരിക്കും
നിങ്ങൾ എന്നെ കൊല്ലുകയില്ലെന്നു വാക്കു തരാമെങ്കിൽ ഞാൻ വരാം


സാംസൺ ഫിലിസ്ത്യരുടെ കൈകളിൽ
നീയാണല്ലേ ഇസ്രയേൽ പരിഷകളുടെ നേതാവ്!
ഇവനെ കയ്യോടെ തല്ലിക്കൊല്ലണം
അല്ല, പട്ടണവാതില്ക്കൽ തൂക്കിലിടണം






സാംസൺ!


സാംസൺ ഫിലിസ്ത്യരെ നേരിട്ടു.
!



സാംസൺ
കഴുതയുടെ താടിയെല്ലുകൊണ്ടു ഞാൻ ആ കഴുതകളെ കൂനകൂട്ടി
അങ്ങേയ്ക്കു മുറിവേറ്റിരിക്കുന്നു. വരൂ! എൻറെ വീട്ടിലേക്കു പോകാം.


ദലീലാ നീ എങ്ങനെ ഇവിടെ വന്നു?
ഇത് ഗാസയല്ലേ. ഇവിടെയാണ് എൻറെ വീട്.


ദലീലായുടെ വീട്ടിൽ
ഞാൻ ഭയന്നത്ര ആഴമില്ല മുറിവുകൾക്ക്. ഇദ്ദേഹത്തിൻറെ ശക്തി അപാരം തന്നെ....... അല്ല എന്താണാ സംസാരം?


സാംസൺ ഈ വീട്ടിലുണ്ട്
അകത്തു കയറി അവനെ കൊല്ലണം.
അതപകടമാണ്. രാവിലെ ആളുകളെ കൂട്ടി വന്ന് അവനെ പിടിക്കാം.
?


ദലീലാ എന്തുണ്ടായി? എന്തിനാണ് എന്നെ ഉണർത്തിയത്?
അങ്ങയെ കൊല്ലാൻ ആളുകൾ പതിയിരിക്കുന്നു.
കദീത്താക്കു സംഭവിച്ചതു നിനക്കും സംഭവിച്ചു കൂടാ. ഞാൻ പോകുന്നു





വാതിലടച്ച് എന്നെ പിടിക്കാം എന്ന് കരുതിയോ?
!!





മാസങ്ങൾക്കുശേഷം ഫിലിസ്ത്യ നേതാക്കൾ ദലീലായുടെ വീട്ടിൽ.
ദലീലാ, നീ നമ്മുടെ ജനത്തെ സാംസന്റെ കയ്യിൽ നിന്നു രക്ഷിക്കണം
നീ വിചാരിച്ചാൽ അവൻറെ ശക്തിയുടെ രഹസ്യം മനസ്സിലാക്കാൻ കഴിയും.
നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ പലതവണ ചോദിച്ചു പക്ഷേ ശരിയായ ഉത്തരം കിട്ടിയില്ല.


പച്ചക്കള്ളം. നീ അവന്റെ രഹസ്യം പറഞ്ഞില്ലെങ്കിൽ നിന്നെയും കുടുംബത്തെയും ഞങ്ങൾ വീട്ടിലിട്ടു ചുട്ടു കൊല്ലും
അതുവരട്ടെ, ഞങ്ങൾ വാഗ്ദാനം ചെയ്ത പതിനായിരം വെള്ളിനാണയത്തിന്റെ കാര്യം മറന്നോ?
ഞാൻ എല്ലാ അടവുകളും നോക്കി. അദ്ദേഹം പറഞ്ഞതെല്ലാം പരീക്ഷിച്ചു



ഉണങ്ങാത്ത ഏഴു ഞാണുകൊണ്ട് ബന്ധിച്ചു. പുതിയ കയറുകൊണ്ട് വരിഞ്ഞു കെട്ടി. തലമുടിയിഴകൾ പാവിനോട് ചേർത്തു നെയ്തു. പക്ഷേ....



നിൻറെ ഈ വിളവൊന്നും ഞങ്ങളുടെ അടുത്തു വേണ്ട.
!
നാളെ ഞങ്ങൾ വീണ്ടും വരും. അപ്പോൾ രഹസ്യം അറിയിച്ചില്ലെങ്കിൽ...



അവർ പോയിക്കഴിഞ്ഞപ്പോൾ
ഞാനെന്തുചെയ്യും!


പ്രിയേ അതുമാത്രം എനിക്ക് ആവില്ല. ആ രഹസ്യം വെളിപ്പെടുത്തിയാൽ അതോടെ എൻറെ അവസാനമാണ്.
അതെന്താ അങ്ങനെ? ഞാൻ ഇതാരോടും പറയില്ല
ഓമനേ, ഞാനൊരു നാസീർ വ്രതക്കാരനാണ്.


നാസീർ വ്രതമോ? അതെന്താ?
കർത്താവ് എന്നെ പ്രത്യേകം തെരഞ്ഞെടുത്തതാണ്. ഞാൻ വീഞ്ഞു കുടിക്കരുത്. മുടി മുറിക്കരുത്. കർത്താവിൻറെ സേവനത്തിന് എപ്പോഴും ഒരുങ്ങിയിരിക്കണം.
!!



വീഞ്ഞു കുടിച്ചിട്ട് ഒന്നും
സംഭവിച്ചില്ലല്ലോ.
സമാധാനമായി ഉറങ്ങൂ!



ദലീല ഫിലിസ്ത്യ നേതാക്കളെ വിളിച്ചു രഹസ്യം അറിയിച്ചു
നിങ്ങൾ ഇദ്ദേഹത്തെ കൊല്ലരുത്
!
ഇല്ല. ഞങ്ങൾ ഇവനെ കൊല്ലുകയില്ല


!?
ദലീലാ, നീയും..



അരുതേ!
എന്റെ ദൈവമേ!
!!


നിങ്ങൾ എന്താണീ ചെയ്തത്? വിശ്വാസ വഞ്ചകർ!
ഞങ്ങൾ വാക്കു പാലിച്ചു. അവനെ കൊന്നില്ല. നിനക്ക് പണവും തന്നു.


ഛീ,
മാറി നിൽക്കു
ങ്ഹും.. നടക്ക്
!



സാംസൺ തടവറയിൽ
എൻറെ ദൈവമേ, എന്തേ അങ്ങ് എന്നെ കൈവെടിഞ്ഞു? അവസാനമില്ലാത്ത ഈ രാത്രിയിലേക്ക് എന്തേ എന്നെ വലിച്ചെറിഞ്ഞു?

കഴിഞ്ഞ സംഭവങ്ങൾ ഓരോന്നായി സാംസന്റെ മനസ്സിലൂടെ കടന്നുപോയി.





സാംസൺ, മകനേ നിന്റെ ജനനത്തിന് വേണ്ടി ഞങ്ങൾ എത്രനാൾ കാത്തിരുന്നു. ഉള്ളുരുകി പ്രാർത്ഥിച്ചു!


ഫിലിസ്ത്യരുടെ കൈക
ളിൽനിന്നു ഞങ്ങളെ രക്ഷി
ക്കാൻ നീ ജനിക്കുമെന്ന്
ദൈവദൂതൻ
അറിയിച്ചതാണ്.
നീയെന്നും
കർത്താവിനു
സമർപ്പിക്കപ്പെ
ട്ടവനായിരി
ക്കും.



നീ ലഹരിപദാർത്ഥങ്ങൾ കഴിക്കരുത്. ഷൗരക്കത്തി നിൻറെ തലയിൽ തൊടുവിക്കരുത്. കർത്താവിനു വേണ്ടി നിന്നെത്തന്നെ വിശുദ്ധനായി കാത്തുസൂക്ഷിക്കണം.


ആ വിജാതീയ സ്ത്രീയെ മറന്നേക്കൂ. ആ വിവാഹം നിനക്കു പാടില്ലാത്തതാണ്.



ദലീലാ, സമാധാനമായി നിൻറെ മടിയിൽ ഉറങ്ങിയ എന്നോട് നിനക്കിതെങ്ങനെ ചെയ്യാൻ കഴിഞ്ഞു?



പാവം പെണ്ണ്. ഞാൻ എന്തിനവളെ കുറ്റപ്പെടുത്തണം. വ്രതം ചെയ്തതു ഞാനായിരുന്നു.



എൻ്റെ ദൈവമേ, എത്രയെത്ര തെറ്റുകൾ, എത്ര വീഴ്ചകൾ! വ്രതഭംഗം



ദൈവമേ കരുണ തോന്നി ഈ
പാപിയോട് ക്ഷമിക്കണമേ.
ഈ ഇരുട്ടും അപമാന
ഭാരവും ഞാൻ
അർഹിക്കുന്നതു തന്നെ



തങ്ങളുടെ ദേവനായ ദാഗോന്റെ ഉത്സവം ആഘോഷിക്കാൻ ഫിലിസ്ത്യ പ്രഭുക്കന്മാർ ഒരുമിച്ചു കൂടി. യാഗശാലയിൽ ആളുകൾ നിറഞ്ഞു.
അവനെ ദേവൻറെ മുമ്പിൽ ആ തൂണുകൾക്കിടയിൽ ബന്ധിക്കു. ചങ്ങല അയച്ചിട്ടേക്കണം. നൃത്തം ചെയ്യാനുള്ളതാണ്.



ബലിയർപ്പണം കഴിഞ്ഞു. അടുത്തതു സാംസന്റെ നൃത്തം
!


എന്താടാ ചെവി കേൾക്കില്ലേ? നൃത്തം ചെയ്യാൻ പറഞ്ഞിട്ട്!
അടിച്ചു പൊളിക്ക്. വേദനിച്ചു നൃത്തം ചെയ്താൽ കാണാൻ കൂടുതൽ രസമുണ്ടാകും.
പൊട്ടക്കണ്ണൻ രാക്ഷസൻറെ നൃത്തം. ഹായ് ... ഹായ്..
!


ദലീല ഇത് കണ്ടു ഉള്ളുരുകി കരഞ്ഞു
ഞാൻ പിന്നീട് വന്നുകൊള്ളാം. വേറൊരു ഉത്സവത്തിന്
ഞാനാണല്ലോ ഇതിനെല്ലാം കാരണം!


എന്റെ ദൈവമേ,
ഒരിക്കൽ കൂടി
എനിക്ക് ശക്തി തരൂ!


!!!!
സാംസൺ
എന്നോട്
ക്ഷമിക്കൂ! ആ...
!!!


കെട്ടിടത്തിൽ ഉണ്ടായിരുന്ന ആയിരക്കണക്കിനു ഫിലിസ്ത്യരോടൊപ്പം സാംസണും മരിച്ചു. ജീവിച്ചിരുന്നപ്പോൾ കൊന്നതിനേക്കാൾ കൂടുതൽ ശത്രുക്കളെ മരണത്തിലൂടെ അവൻ കൊന്നു.

ഇസ്രയേൽ ജനത്തിന്റെ ചരിത്രത്തിലൂടെ ഇതൾ വിടരുന്ന രക്ഷാകര പദ്ധതിയാണ് അബ്രഹാം മുതലുള്ള ചിത്രകഥകളിൽ നാം കണ്ടത്. എന്നാൽ രക്ഷ ഒരു ജനത്തിന്റെയും കുത്തകയല്ല. ദൈവം എല്ലാ ജനതകൾക്കും തൻറെ നിരുപാധികമായ സ്നേഹം വച്ചു നീട്ടുന്നു. ഇസ്രയേൽക്കാർ വിജാതീയരും ശത്രുക്കളുമായി കരുതിയ മൊവാബ്യരിൽ നിന്ന് ഒരു സ്ത്രീ തിരഞ്ഞെടുക്കപ്പെട്ടു. അവൾ ഇസ്രായേൽ രാജാവായ ദാവീദിന്റെ മുത്തശ്ശിയായി. സാർവത്രിക രക്ഷയുടെ ഉദാഹരണമാണ്

# അടുത്ത ചിത്രകഥ റൂത്ത്

# ചോദ്യങ്ങൾ

1. ആരാണു ന്യായാധിപന്മാർ?
2. എന്നാണു ന്യായാധിപന്മാർ ഇസ്രായേലിൽ ഭരണം നടത്തിയത്?
3. ഇസ്രായേൽക്കാർ നേരിട്ട ദുരിതങ്ങളെ എങ്ങനെയാണു ബൈബിൾ ചിത്രീകരിക്കുന്നത്?
4. ന്യായാധിപന്മാരുടെ പുസ്തകം നല്കുന്ന മുഖ്യ സന്ദേശമെന്ത്?
5. സാംസൻറെ പിതാവിൻറെ പേരെന്ത്?
6. നാസീർ വ്രതത്തിന്റെ നിബന്ധനകൾ എന്തെല്ലാം?
7. സാംസൻറെ ശക്തിയുടെ രഹസ്യമെന്ത്?
8. സാംസൻറെ വീഴ്ച്ചയുടെ കാരണങ്ങൾ വിശദമാക്കുക.
9. അനുകരിക്കാൻ കൊള്ളാത്ത മാതൃകയാണു സാംസൺ. എന്തുകൊണ്ട്?
10. എന്തു സന്ദേശമാണ് സാംസൻറെ കഥ നൽകുന്നത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും